പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246 12/03/2018 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് സോഷ്യൽ മീഡിയയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, കെ.എൻ.എ ഖാദർ**<br>**,, സി.മമ്മൂട്ടി**<br>**,, ടി.എ.അഹമ്മദ് കബീർ** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സോഷ്യൽ മീഡിയയുടെ വർദ്ധിച്ച് വരുന്ന പ്രചാരവും അതോടൊപ്പം നാൾക്കുനാൾ വർദ്ധിച്ച് വരുന്ന സൈബർ കുറ്റകൃത്യങ്ങളും പരിഗണിച്ച് പുതിയ തലമുറയ്ക്ക് വേണ്ട അവബോധവും സുരക്ഷയും ഒരുക്കുന്നതിലേക്കായി ഈ വിഷയത്തിൽ ഹൈസ്കൂൾ തലം മുതൽ വിദ്യാർത്ഥികൾക്ക് വേണ്ട ബോധ വത്ക്കരണ ക്ലാസുകൾ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഈ വിഷയത്തിൽ ഇതിനോടകം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥികൾ സ്കൂളുകളിൽ മൊബൈൽ ഫോൺ കൊണ്ടുവരുന്നത് കർശനമായി വിലക്കിയിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം ദുരുപയോഗം ചെയ്ത് ഫെയ്സ് ബുക്ക്, വാട്സ് ആപ് എന്നിവ സ്കൂൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ക്രമീകരണം സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഹയർസെക്കന്ററി വകുപ്പിൽ 2017-18 അക്കാഡമിക് വർഷം NIMHANS ബാംഗ്ലൂർ-മായി ചേർന്ന് മാനസികാരോഗ്യവുമായ് ബന്ധപ്പെട്ട് 5 ദിവസത്തെ പരിശീലനത്തിൽ 110-ഓളം സൗഹൃദയ കോ-ഓർ |

ഡിനേറ്റർമാരായ ഹയർ സെക്കന്ററി അധ്യാപകർക്ക് നൽകിയ പരിശീലനത്തിൽ സൈബർ സുരക്ഷയുമായ് ബന്ധപ്പെട്ട് ക്ലാസ്സ് നൽകിയിട്ടുണ്ട്. ഹയർസെക്കന്ററി ഡയറക്ടറേറ്റ് SCERT യുമായി ചേർന്ന സൈബർ സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ മേഖലകളിൽ 41 വിദ്യാഭ്യാസ ജില്ലയിലേയും ഓരോ അധ്യാപകർക്ക് വീതം ഈ മാസം തന്നെ പരിശീലനം നൽകാനും, ഓരോ അധ്യാപകരെ മാസ്റ്റർ ട്രെയിനേഴ്സ് ആയി തെരെഞ്ഞെടുത്തുകൊണ്ട് അടുത്ത അധ്യയന വർഷം ആരംഭത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലും മുഴവൻ സൗഹൃദയ കോ-ഓഡിനേറ്റർമാർക്കും ഒരു ഏകദിന പരിശീലനം നൽകാനും മേൽ അധ്യാപകർ വഴി മുഴവൻ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്കും ഈ മേഖലയിൽ ഒരു അവബോധം നൽകുന്നതിനായും സൗഹൃദയ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്.

വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ സൈബർ ക്രൈം സംബന്ധിച്ച അവബോധന ക്ലാസ്സുകളും കൗൺ സിലിംഗുകളും നടത്തുന്നുണ്ട്. പോലീസ് വകുപ്പിൽ നിന്നുള്ള സൈബർ ഉദ്യോഗസ്ഥർ ആണ് ടി ക്ലാസ്സുകൾ നയിക്കുന്നത്. ഹാപ്പി ലേണിംഗ്സ്, ഫെയ്സ് ടു ഫെയ്സ് എന്നീ പരിപാടികളിലൂടെ സോഷ്യൽ മീഡിയ സംബന്ധിച്ച അവബോധവും വിദ്യാർത്ഥികൾക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ